179 (2365) ആയുർവേദ ആശുപത്രികളിലെ മരുന്നുകളുടെ ദൗർലഭ്യം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ ആശുപത്രി വിഭാഗങ്ങളിൽ അവശ്യംവേണ്ട മരുന്നുകൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) എത്രയുംപെട്ടെന്ന് ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡിപ്പാർട്ടുമെന്റ് സ്ഥാപനങ്ങളിൽ സ്റ്റോക്കുള്ള ഔഷധങ്ങൾ ആഭ്യന്തര ആഡിറ്റ് വിഭാഗം മുഖേന പരിശോധന നടത്തുന്നത് എന്ത് യോഗ്യതയുള്ളവരാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) അലോപ്പതി വകുപ്പിൽ നടപ്പിലാക്കിവരുന്ന രീതിയിൽ സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർമാരായി ഈ ഓഡിറ്റ് വിഭാഗത്തിൽ പരിശീലനം ഉള്ള സീനിയർ മോസ്റ്റ് ഫാർമസിസ്റ്റുകളെ നിയമിക്കുമോ?

ഉത്തരം

(എ) ചില അവസരങ്ങളിൽ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഔഷധങ്ങളുടെ വില വർദ്ധനവും ഔഷധങ്ങൾ വാങ്ങുന്നതിലേക്കായി അനുവദിക്കുന്ന ഫണ്ടിന്റെ അപര്യാപ്തതയുമാണ് കാരണം.

തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ മരുന്ന് ഉണ്ടാക്കുന്നതിനുള്ള സാധനങ്ങൾ നൽകുന്നതിന് ഉചിതമായ ടെണ്ടറുകൾ ലഭ്യമാക്കാത്തതും ദൗർലഭ്യത്തിന് കാരണമായിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) ഈ വകുപ്പിലെ സ്ഥാപനങ്ങളിൽ ആഭ്യന്തര ആഡിറ്റ് വിഭാഗം പരിശോധനകൾ നടത്തുമ്പോൾ ഔഷധങ്ങളുടെ സ്റ്റോക്ക് തിട്ടപ്പെടുത്തുന്നത് സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ക്ലർക്കുമാരാണ്. സ്ഥാപനത്തിൽ വാങ്ങുന്ന ഔഷധങ്ങൾ എല്ലാംതന്നെ ഗവൺമെന്റ് സ്ഥാപനമായ ഔഷധി നേരിട്ട് വിതരണം ചെയ്യുന്നവയാണ്. സ്ഥാപന പരിശോധന നടത്തുന്നത് ഐ.എസ്.എം. വകുപ്പിലെ ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിലാണ്. നാട്ടു ചികിത്സാ വകുപ്പിൽ ഔഷധ സ്റ്റോക്ക് പരിശോധനയിൽ സഹായിക്കുവാൻ പരിചയസമ്പന്നരായ മെഡിക്കൽ ഓഫീസർമാരുടെയും ഫാർമസിസ്റ്റിന്റെയും സേവനം ഉപയോഗപ്പെടുത്തുന്നു.

(ഇ) നിലവിൽ അത്തരമൊരു നിർദ്ദേശം ഇല്ല.

180 (2366) ആയുർവേദ ഡിസ്പെൻസറി തുടങ്ങണമെന്ന ആവശ്യം

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly